**സബ്മിഷൻ**

(1) കടൽപുറമ്പോക്കിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ആലപ്പുഴ മണ്ഡലത്തിന്റെ തീരദേശ മേഖലയിൽ താമസിക്കുന്ന നൂറുകണക്കിനുവരുന്ന മത്സ്യത്തൊഴിലാളികളായിട്ടുള്ള സാധാരണക്കാരുടെ വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഇന്ന് മത്സ്യതൊഴിലാളികളായിട്ടുള്ള നിരവധിയാളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീടിന് അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത നിലയിൽ അവർക്ക് പട്ടയം ലഭിക്കാത്ത സാഹചര്യമാണുള്ളത്. ആയിരക്കണക്കിനുവരുന്ന സാധാരണക്കാരായ മനുഷ്യർക്ക് പട്ടയം കൊടുത്തുകൊണ്ട് നാടിനു തന്നെ മാതൃകയാകുന്ന പ്രവർത്തനം നടത്തുന്ന ഒരു സർക്കാരാണ് നമ്മുടേത്. അമ്പലപ്പുഴ, ചേർത്തല താലൂക്കിന്റെ തീരദേശ മേഖലയിൽ താമസിക്കുന്ന പാവപ്പെട്ട മനുഷ്യർക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട് എന്ന പ്രശ്നത്തെയാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് തന്നെ ഇന്ന് സർവേയില്ലാത്ത

ലാൻഡ് സർവെ ചെയ്യുന്നതിനുവേണ്ടിയുള്ള നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ പണമുപയോഗിച്ച് ഹൈഡ്രോളിക് സർവെ ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയെന്നുള്ളത് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അൺസർവേയ്ഡ് ലാൻഡ് സർവെ ചെയ്യുന്നതിനുള്ള നോട്ടിഫിക്കേഷൻ നൽകേണ്ടതുണ്ട്. കൂടാതെ, ജിവനക്കാരുടെയും സർവെയർമാരുടെയും കുറവ് ഈ മേഖലയിൽ നിലനിൽക്കുന്നു. ഇപ്പോൾ 3000 സ്ക്വയർഫീറ്റ് വരെയുള്ള വീടുകൾക്ക് നിർമ്മാണാനുമതി നൽകാമെന്ന് പ്രത്യേക നോട്ടിഫിക്കേഷൻ നിലനിൽക്കുന്നത് പരിഗണിച്ചുകൊണ്ട് ഈ ഭൂമിക്ക് പട്ടയം കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർഥിക്കുകയാണ്. ഈ നടപടി സ്വീകരിക്കുന്നതിലൂടെ നൂറ് കണക്കിനുവരുന്ന സാധാരണക്കാരായ മനുഷ്യർക്ക് ലൈഫ് പദ്ധതിയുടേതടക്കം പ്രയോജനം ലഭിക്കുന്നതാണ്. ഒരു പ്രധാനപ്പെട്ട സാമൂഹികപ്രശ്നമെന്നുള്ള നിലയിൽ സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ഈ പാവപ്പെട്ട ജനവിഭാഗത്തിനുവേണ്ടി നിരവധി കാര്യങ്ങൾ

ചെയ്തുകൊണ്ടിരിക്കുന്നൊരു ഗവൺമെന്റെന്നുള്ള നിലയിൽ ഇക്കാര്യത്തിൽ അടിയന്തരമായിട്ടുള്ള ഇടപെടൽ ഉണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: ഞങ്ങൾ ഈ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്. (....ബഹളം....)

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ പ്രശ്നമാണെങ്കിൽപ്പോലും അത് കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും കടൽപുറമ്പോക്കിൽ താമസിക്കുന്ന തൊഴിലാളികളെയും ഗൗരവതരമായി ബാധിക്കുന്നൊരു പ്രശ്നമാണ്. ഈ നിയോജകമണ്ഡലങ്ങളിലെല്ലാം ഈ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. 1964-ലെയും 1995-ലെയും ഭൂപതിവ് ചട്ടങ്ങളിൽ ഇത്തരത്തിൽ കടലിനോട് 30.480 മീറ്റർ ചേർന്നുള്ള സ്ഥലങ്ങളിൽ പട്ടയം കൊടുക്കാനാകില്ലെന്ന് നിരീക്ഷിച്ചിട്ടുണ്ട്. ഏതെങ്കിലും

നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഭാഗമായി എഴുതിവയ്ക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സാധാരണക്കാർക്ക് ഭൂമി കിട്ടുന്നതിൽ തടസ്സമുണ്ടാക്കാൻ പാടില്ലെന്ന നിലപാടാണ് കേരളത്തിലെ സർക്കാരിനുള്ളത്. ചട്ടങ്ങളും നിയമങ്ങളും കാണിച്ച് ആളുകളെ പേടിപ്പിക്കുകയല്ല, ചട്ടങ്ങളിലും നിയമങ്ങളിലും മനുഷ്യസാധ്യമായ മാറ്റങ്ങൾ വരുത്തി സാധാരണക്കാരായ മനുഷ്യർക്ക് അനുഭവയോഗ്യമാക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്. അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ ദൂരപരിധിക്ക് പുറത്തുള്ള പുറമ്പോക്കുകളിൽ പട്ടയം പതിച്ചുകൊടുക്കാൻ കഴിയുമെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കടൽപുറമ്പോക്കുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനുള്ള ഒട്ടേറെ നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരികയാണ്. നവകേരള സദസ്സിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ എത്തിച്ചേർന്നപ്പോൾ അവിടത്തെ കടൽ പുറമ്പോക്കിലെ തൊഴിലാളികൾ ആവശ്യപ്പെട്ടതനുസരിച്ച് കൊല്ലം വെസ്റ്റ് വില്ലേജിൽ പള്ളിത്തോട്ടം, മുതാക്കര കടൽപുറമ്പോക്കിൽ താമസിച്ചുവരുന്ന നൂറുകണക്കിന് മത്സ്യതൊഴിലാളികൾക്ക് പട്ടയം കൊടുക്കാനുള്ള നടപടി ഈ സർക്കാർ

സ്വീകരിച്ചുകഴിഞ്ഞു. കടലിറങ്ങിയ ഭാഗത്ത് കുടിയേറി വീടുവച്ച് വർഷങ്ങളായി താമസിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്കും ഈ സർക്കാർ പട്ടയം അനുവദിച്ചിട്ടുണ്ട്. കഡസ്ട്രൽ സർവേക്ക് പുറത്തുള്ള ഇത്തരം ഭൂമി 1961-ലെ സർവെ അതിരടയാള നിയമപ്രകാരം (Kerala Survey and Boundaries Act) പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് കഡസ്ട്രൽ സർവെ മാപ്പിനോട് കൂട്ടിചേർത്താണ് പട്ടയം അനുവദിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ ആയിരത്തിൽപ്പരം കുടുംബങ്ങൾക്ക് ഇപ്രകാരം പട്ടയം അനുവദിച്ചിട്ടുണ്ട്. തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇത്തരത്തിൽ നിയമ പ്രശ്നങ്ങളാൽ പട്ടയം നൽകുന്നതിന് തടസ്സം നേരിടുന്ന വിഷയങ്ങൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ആരംഭിച്ച 'പട്ടയമിഷൻ'; അങ്ങ് ഉൾപ്പെടെ അധ്യക്ഷത വഹിച്ച പട്ടയ അസംബ്ലികൾ; അവിടെ ഉയർന്നുവന്ന പ്രശ്നങ്ങൾ പട്ടയ ഡാഷ്

ബോർഡിലേക്ക് ചേർക്കൽ; ഈ നടപടിക്രമങ്ങളുടെ ഭാഗമായി ഉന്നയിച്ച ആലപ്പുഴ, ചേർത്തല എന്നീ താലൂക്കുകളുടെ പ്രശ്നങ്ങളും നമ്മൾ എടുത്തിട്ടുണ്ട്. സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ചും താമസിച്ചും കൃഷി ചെയ്തുംവരുന്ന ഭൂരഹിതരായവർക്ക് നിയമപ്രകാരം പട്ടയം നൽകുന്നതിനുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽത്തന്നെ പട്ടയമിഷനിലൂടെ ക്രോഡീകരിച്ച് പട്ടയ ഡാഷ്ബോർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ മണ്ഡലത്തിലെ അമ്പലപ്പുഴ താലൂക്കിലും ചേർത്തല താലൂക്കിലുമായി ആകെ 160 അപേക്ഷകളാണ് കടൽക്കര പുറമ്പോക്ക് കേസുകളായി പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മി. സ്പീക്കർ: യെസ് മിനിസ്റ്റർ മൂന്ന് മിനിട്ടായി.

(ശ്രീ. കെ. രാജൻ): സർ, ഇത്രയും അപേക്ഷകൾ വ്യക്തിഗതമായി തഹസിൽദാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണ്. കടൽക്കര പുറമ്പോക്ക് കേസുകളിൽ സർവെ ചെയ്യാത്ത ഭൂമിയും സർവെ നമ്പരുള്ളതും എന്നാൽ ഹൈ ടൈഡ് ലൈൻ നിശ്ചയിച്ച് ലഭിക്കേണ്ടതുമായ ഭൂമിയുണ്ട്. 160 അപേക്ഷകളിൽ അമ്പലപ്പുഴ താലൂക്കിൽ 39-ഉം ചേർത്തല താലൂക്കിൽ

121-ഉം കേസുകളാണുള്ളത്. ആയതിൽ ആര്യാട് തെക്കേ വില്ലേജിലെ ഹൈടൈഡ് ലൈൻ നിശ്ചയിച്ചിട്ടുള്ളതും അർഹതയുള്ള ആറ് കൈവശക്കാരെ കണ്ടെത്തിയിട്ടുള്ളതും ഇനം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കലവൂർ വില്ലേജിൽ 11 കൈവശക്കാരുടെ അർഹത പരിശോധിക്കുന്നതിന് ഹൈഡ്രോഗ്രാഫിക് സർവെ നടത്തുന്നതിനുള്ള ഫീസ് ഒടുക്കി ചീഫ് ഹൈഡ്രോഗ്രാഫിക് സർവെയർക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കലവൂർ വില്ലേജിലെ അൺസർവെയ്ഡ് ലാൻഡിൽ സ്ഥിതിചെയ്യുന്ന 22 കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന വിഷയത്തിൽ കേരള സർവെ അതിരടയാള നിയമം 1961-ന്റെ സെക്ഷൻ 4(1), 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് നടപടി സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആവശ്യമായ സർവെയർമാരുടെ എണ്ണം വർധിപ്പിച്ചുകൊടുത്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. സർക്കാർ വളരെ പോസിറ്റീവായ സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. അതനുസരിച്ച് ഈ പ്രശ്നങ്ങൾ

ഏറെതാമസിയാതെ പരിഹരിക്കാൻ സാധിക്കുമെന്നുള്ള ആത്മവിശ്വാസം അറിയിക്കുന്നു.

## (2) മോഡേൺ റൈസ് മിൽ

ശ്രീ. പി. പി. സുമോദ്: സർ, കാവശ്ശേരി പഞ്ചായത്തിലെ കല്ലേപ്പുള്ളിയിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 9 കോടി 61 ലക്ഷം രൂപ ചെലവഴിച്ച് ഒരു മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനാവശ്യമായ തീരുമാനമെടുത്തിരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒട്ടേറെയാളുകൾക്ക് തൊഴിൽ ലഭ്യമാക്കാമെന്നതായിരുന്നു ഉദ്ദേശ്യം. എന്നാൽ മിൽ തുറക്കുന്ന കാര്യത്തിൽ ഇപ്പോഴും കാലതാമസം നേരിടുകയാണ്. അതുമായി ബന്ധപ്പെട്ട് പലതവണ യോഗങ്ങൾ ചേർന്നതിന്റെ ഭാഗമായി പുരോഗതിയുണ്ടായിട്ടുണ്ട്. പട്ടികജാതി വകുപ്പിൽനിന്നും തുക ലഭ്യമാക്കി വ്യവസായ വകുപ്പിന് കീഴിലെ കെൽപാം മോഡേൺ റൈസ് മിൽ ഈ സർക്കാരിന്റെ കാലത്തുതന്നെ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മോഡേൺ റൈസ് മിൽ സ്ഥാപിക്കാനും അതുവഴി 59 പേർക്ക് പ്രത്യക്ഷമായും 41 പേർക്ക് പരോക്ഷമായും പട്ടികജാതി മേഖലയിൽനിന്ന് തൊഴിലുറപ്പ് നൽകുന്നതിനും ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 6,08,40,000 രൂപ മൂലധനമായും പ്രവർത്തന മൂലധനമായി 3,53,0000 രൂപയും ചേർത്ത് ആകെ 9,61,40,000 രൂപയാണ് വകയിരുത്തിയിരുന്നത്. കമ്മീഷൻ ചെയ്തതിനുശേഷം മാത്രമേ 3 കോടി 51 ലക്ഷം രൂപ അനുവദിക്കുകയുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി കെൽപാം KEL-മായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഡി.പി.ആർ. പ്രകാരമുള്ള പദ്ധതി തുകയായ 6,08,40,000 രൂപയിൽ 5,82,46,401 രൂപയാണ് കെൽപാമിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച് നൽകിയിട്ടുള്ളത്. കെൽപാം KEL-ന് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുകയും കൂടാതെ KEL അധികമായി 62.11 ലക്ഷം രൂപയും വിനിയോഗിച്ച് കഴിഞ്ഞിട്ടുണ്ട്. ഡി.പി.ആർ. പ്രകാരം ജലസ്രോതസ്സിനായുള്ള

കുഴൽക്കിണർ, കുളത്തിനായുള്ള ചുറ്റുമതിൽ തുടങ്ങിയവ പൂർത്തീകരിക്കാനും ബാക്കി നിൽക്കുന്ന പ്രവർത്തികൾക്കും സാങ്കേതിക സമിതി ശിപാർശ ചെയ്ത പ്രകാരം പുതിയ ഡി.പി.ആർ. പ്രകാരമുള്ള അഗ്നിശമന ഉപകരണങ്ങൾ, സ്റ്റോറേജ് ഷെഡ്, പി.സി.ബി. ക്ലിയറൻസ്, ആവശ്യമായ ക്രമീകരണങ്ങൾ എന്നിവയ്ക്കായി 2,02,59,000 രൂപ അടക്കം ആകെ 2,64,70,000 രൂപ കൂടി പൂർത്തീകരണത്തിനായി നൽകേണ്ടതുണ്ട്. ഈ തുകയും പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണിയായി കെൽപാമിനുള്ള 46.9 ലക്ഷം രൂപയും ചേർത്ത് 3,11,60,000 രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കും. മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം സജ്ജമാക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പുമന്ത്രിയും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പുമന്ത്രിയും തരൂർ നിയോജക മണ്ഡലം എം.എൽ.എ.യുടെ സാന്നിധ്യത്തിൽ സംയുക്തയോഗം ചേർന്ന് തുടർപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(3) മുളങ്കുന്നത്തുകാവിൽ കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനും സഹകരണ സ്പിന്നിങ് മിൽ അവസാനിപ്പിക്കുന്നതിനും നടപടി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിലെ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷനിലുള്ള 12 ഏക്കർ ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നും മണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റുകളുടെ സംരംഭകർക്കുകൂടി ഉപയോഗപ്രദമാകുന്ന തരത്തിൽ കെൽട്രോണിന്റെയും C-MET-ന്റെയും സംയുക്ത സംരംഭമെന്ന നിലയിൽ കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ യാഥാർത്ഥ്യമാക്കുന്നതിനും ബാക്കി ഭൂമിയിൽ കെൽട്രോണിന്റെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശത്തുനിന്നും പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിനുള്ള കോടതി നടപടികൾ വേഗത്തിലാക്കണമെന്നും സർക്കാർ 23 കോടി രൂപ വൈദ്യുതി കുടിശ്ശിക എഴുതിത്തള്ളിയതും 30 കോടിയിലധികം രൂപ മുടക്കി നടപ്പാക്കിയ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉൽപ്പാദനക്ഷമതയുള്ള ആധുനിക മെഷീനുകൾ

സ്ഥാപിക്കുകയും ചെയ്ത വിരുപ്പാക്കയിലെ സഹകരണ സ്പിന്നിങ് മിൽ, ലേ ഓഫ് അവസാനിപ്പിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണം എന്നതുമടക്കം വടക്കാഞ്ചേരി മണ്ഡലത്തിലെ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ പുത്തൻ ഉണർവിനായുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, കെൽട്രോണിന്റെ അടച്ചുപൂട്ടിയ സബ്സിഡി കമ്പനിയായ കെൽട്രോൺ പവർ ഡിവൈസ് ലിമിറ്റഡിന്റെയും കെൽട്രോൺ റെക്റ്റിഫൈഡ്സ് ലിമിറ്റഡിന്റെയും കൈവശമുണ്ടായിരുന്ന 12.19 ഏക്കർ ഭൂമി ദശകങ്ങളായി കോടതി കേസിൽപ്പെട്ട് കിടക്കുകയായിരുന്നു. നിലവിൽ കേന്ദ്ര ഇലക്ട്രോണിക്സ് സെക്രട്ടറിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു ധാരണയുണ്ടാക്കുകയും അഞ്ചേക്കർ ഭൂമി സ്ഥലവില ഈടാക്കി നിയമാനുസൃത അനുമതിയോടുകൂടി കേന്ദ്ര സ്ഥാപനമായ C-MET-ന് നൽകാനും 7.19 ഏക്കർ ഭൂമിയിൽ C-MET-മായി ചേർന്ന് സെൻസർ ഉൽപാദനം, കാലിബറേഷൻ, ടെസ്റ്റിങ് എന്നിവയ്ക്കും ഇലക്ട്രോണിക്സ്

കമ്പോണന്റ് ഉപകരണങ്ങളുടെ ഉൽപാദനത്തിനുമായി ഒരു ജോയിന്റ് വെഞ്ചർ എന്ന നിലയിൽ ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനും മന്ത്രിസഭ അംഗീകാരം നൽകി. അതിന്റെയടിസ്ഥാനത്തിലുള്ള കാര്യങ്ങൾ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 11-12-2025-ൽ കെൽട്രോണിന് സ്ഥലം വിട്ടുനൽകിക്കൊണ്ടുള്ള ഉത്തരവായി. അതിന്റെ ഫലമായി ഒഫീഷ്യൽ ലിക്വിഡേറ്ററുടെ പക്കലുണ്ടായിരുന്ന ആസ്തികളും രേഖകളും ജനുവരി 20-ന് കെൽട്രോണിന് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. രണ്ട് കമ്പനികൾക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിരുന്ന വൈൻഡിങ് അപ്പ് ഉത്തരവ് പിൻവലിച്ചു. അഞ്ചേക്കർ ഭൂമി C-MET-ന് നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചു. കേന്ദ്ര ഇലക്ട്രോണിക്സ് വകുപ്പിന്റെ അംഗീകാരം കൂടി കിട്ടിയാൽ ഏറെക്കാലമായി അടഞ്ഞുകിടക്കുന്ന ആ സ്ഥാപനം പുതിയ രൂപത്തിൽ, പുതിയ കാലത്തിന്റെ വ്യവസായവുമായി തുറന്നുപ്രവർത്തിക്കാൻ കഴിയുമെന്നുള്ളതാണ് അറിയിക്കാനുള്ളത്. അതുപോലെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാട്ടിയിട്ടുള്ള തൃശ്ശൂർ സഹകരണം സ്പിന്നിങ് മിൽ 29.98

കോടി രൂപ മുടക്കി നവീകരണ പ്രവർത്തനം നടത്തിയെങ്കിലും അത് കുറേക്കാലമായി അടഞ്ഞുകിടക്കുകയായിരുന്നു. വീണ്ടും ഫെബ്രുവരി 23 മുതൽ 2023-ൽ ലേ ഓഫ് ചെയ്തിരുന്നു. ഇപ്പോൾ 23 കോടി രൂപയുടെ വൈദ്യുതി കുടിശിക ഗവൺമെന്റ് ഏറ്റെടുത്ത് ബില്ലിന്റെ ബാധ്യതയിൽനിന്ന് എഴുതിത്തള്ളി. റവന്യൂ റിക്കവറി നടപടി ഒഴിവാക്കി നൽകിയും ആവശ്യമായ ഇലക്ട്രിസിറ്റി കണക്ഷൻ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചും ജി.എസ്.ടി. രജിസ്ട്രേഷൻ പുതുതായി നേടിയെടുത്തും ഇപ്പോൾ ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ മെഷീനുകൾ ഫെബ്രുവരി ആദ്യവാരത്തോടുകൂടി പ്രവർത്തിപ്പിച്ച് കോട്ടൺ ബോർഡ് വഴി അസംസ്കൃത വസ്തുക്കൾ വാങ്ങി മില്ലിനെ ചുരുങ്ങിയ കാലയളവിൽ പ്രവർത്തനമികവിലേക്ക് എത്തിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## (4) പത്തിരപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് പുതിയ കെട്ടിടം

ശ്രീമതി ശാന്തകുമാരി കെ.: സർ, കോങ്ങാട് നിയോജക മണ്ഡലത്തിലെ ഏക സർക്കാർ കോളേജാണ് പത്തിരപ്പാല ഗവൺമെന്റ്

ആർട്സ് ആൻഡ് സയൻസ് കോളേജ്. യഥാർഥത്തിൽ പത്തിരിപ്പാല ഹയർസെക്കൻഡറി സ്കൂളിന്റെ കുറച്ചുഭാഗം അനുവദിച്ചുകൊണ്ടാണ് 2014-ൽ ആരംഭിച്ചത്. പുതിയ കെട്ടിടത്തിന്റെ ആവശ്യം വിവിധ ഘട്ടങ്ങളിൽ ഉന്നയിക്കുകയും അതിന്റെ ഭാഗമായി 2023-ൽ 3 കോടി 99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതി പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുവേണ്ടി ഉത്തരവിറക്കി. 2023-ൽ അത് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഫിസിക്കൽ, ഹ്യൂമൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചറിന്റെ ശീർഷകത്തിൽ തുക വകയിരുത്തിയിരുന്നു. പക്ഷേ, ഭരണാനുമതി ലഭിച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും അതിന്റെ ലിമിറ്റ് ഉയർത്താൻ സാധിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഇതുവരെയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതോടൊപ്പം, 2018-ൽ ആരംഭിച്ച 13 കോടി 56 ലക്ഷം രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോ നിർവഹണ ഏജൻസിയായുള്ള കോളേജ് കെട്ടിട നിർമ്മാണവും ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഏഴുവർഷമായി കോളേജിന്റെ പ്രവർത്തനത്തിൽ സ്കൂളിന്റെ ഭാഗമല്ലാതെ മറ്റൊരു പ്രവൃത്തിയും നമുക്ക് നടത്താൻ കഴിയുന്നില്ലായെന്നത്

വളരെ ദുഃഖകരമായ കാര്യമാണ്. തികച്ചും തൊഴിലാളികളും സാധാരണക്കാരുമായ രക്ഷിതാക്കളുടെ കുട്ടികൾ പഠിക്കുന്ന ഒരു സർക്കാർ കോളേജിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവച്ച രണ്ട് പദ്ധതികളും അടിയന്തരമായി സാങ്കേതിക നിയമ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് നിർവഹിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, പത്തിരിപ്പാല സർക്കാർ കോളേജിന് പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 2023-24 സാമ്പത്തിക വർഷത്തിൽ 3 കോടി 99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുക പ്ലാൻ ശീർഷകത്തിൽ അനുവദിച്ചുവെങ്കിലും ആ സാമ്പത്തിക വർഷത്തിൽ അലോട്ട്മെന്റ് നൽകാൻ സാധിക്കാത്തവിധം അതിന്റെ ശീർഷകത്തിന്റെ പരിധി ഉയർത്താൻ സാധിച്ചിരുന്നില്ല. ഈ സാമ്പത്തിക വർഷം തുക പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാനാകുവെന്നതിനാൽ പ്ലാൻ ശീർഷകങ്ങളുടെ പരിധി

ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനം കിഫ്ബി മുഖേന നടത്തുന്നതിന്റെ ഭാഗമായി പുതിയ കെട്ടിട നിർമ്മാണത്തിന് 10 കോടി 15 ലക്ഷം രൂപയുടെ ധനാനുമതിയും 30-03-2023-ലെ ഉത്തരവ് പ്രകാരം 13 കോടി 56 ലക്ഷം രൂപയുടെ പുതുക്കിയ ധനാനുമതിയും കിഫ്ബി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഏജൻസിയായ കിറ്റ്കോ പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി വർക്ക് ടെൻഡർ ചെയ്യുകയും യോഗ്യമാണെന്ന് കണ്ടെത്തിയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിന് ഒരു വർഷത്തിനുശേഷവും കരാറിൽ ഏർപ്പെടാൻ സാധിക്കാതിരുന്നതിനാൽ ഈ പ്രവൃത്തി നടപ്പാക്കുന്നതിന് കരാറുകാരൻ വിസമ്മതം അറിയിക്കുകയുണ്ടായി. ആയതിനാൽ ഈ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചു. ഇതിനിടെ DSR 2021 നിലവിൽ വന്നതിനാൽ ഈ പ്രവൃത്തികൾക്ക് അനുവദിച്ച ധനാനുമതി തുക

14.40 കോടി രൂപയായി ഉയർത്തുന്നതിന് 04-12-2025-ൽ പദ്ധതി നിർവഹണ ഏജൻസിയായ കിറ്റ്കോ പുതുക്കിയ ശിപാർശ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. ആയതിന്മേൽ ചില വിശദാംശങ്ങൾ കിഫ്ബി ആരായുകയും തുടർന്ന് 17-01-2026-ൽ പുതുക്കിയ ശിപാർശ എസ്.പി.വി. പുനർസമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബിയിൽനിന്നും പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പ്രവൃത്തി ടെൻഡർ ചെയ്ത് പൂർത്തിയാക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## 5. വാഴ കർഷകർക്ക് ഇൻഷ്വറൻസ് നഷ്ടപരിഹാരം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചെറുവണ്ണൂർ കൃഷിഭവൻ പരിധിയിൽ അപ്രതീക്ഷിതമായുണ്ടായ ശക്തമായ കാറ്റും മഴയും വെള്ളപ്പൊക്കവുംമൂലം വാഴകൃഷിയും മറ്റ് വിളകളും നശിച്ചുപോയ സംഭവമുണ്ടായിട്ടുണ്ട്. കുലച്ച് മൂപ്പെത്താറായ വാഴകളും മറ്റ് വിളകളുമാണ് നശിച്ചത്. അതിന്റെ ഫലമായി കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടം നേരിടേണ്ടിവന്നു.

ദുരന്തത്തെത്തുടർന്ന് കൃഷിഭവനിൽ ഇക്കാര്യം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ചെറുവണ്ണൂർ കൃഷി ഓഫീസർ, ജില്ലാ കൃഷി ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ദുരന്തം നടന്ന സ്ഥലത്തെത്തി കർഷകരുടെ നഷ്ടം നേരിൽകണ്ട് മനസ്സിലാക്കിയിട്ടുള്ളതാണ്. വാഴ നട്ട് മൂന്ന് മാസത്തിനുള്ളിൽത്തന്നെ വിള ഇൻഷ്വർ ചെയ്യപ്പെട്ട കർഷകർക്ക്, അപേക്ഷ നൽകി മൂന്ന് വർഷം കഴിഞ്ഞിട്ടും ഇൻഷ്വറൻസ് നഷ്ടപരിഹാരം ലഭ്യമായിട്ടില്ല. കൃഷി ഉപജീവനമാർഗമായി സ്വീകരിക്കുന്നവർ എന്ന നിലയ്ക്ക് കർഷകർ വലിയ പ്രതിസന്ധിയിലാണ്. പ്രസ്തുത കർഷകരെപ്പോലെ, പേരാമ്പ്ര നിയോജകമണ്ഡലത്തിൽ വിളനഷ്ടത്തിന്റെ ഭാഗമായി ഇൻഷ്വറൻസ് തുക ലഭിക്കാത്ത നിരവധി കർഷകരുണ്ടെന്നാണ് അറിയുന്നത്. ഇക്കാര്യം പരിശോധിച്ച് ബന്ധപ്പെട്ടവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര ബ്ലോക്ക് ചെറുവണ്ണൂർ കൃഷിഭവൻ പരിധിയിൽ കഴിഞ്ഞ മൂന്ന് വർഷം ശക്തമായ

കാറ്റിലും മഴയിലും വാഴ ഉൾപ്പെടെയുള്ള വിളകൾക്ക് കൃഷിനാശം സംഭവിച്ചതും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുള്ളതുമായ കർഷകരുടെ മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം തിട്ടപ്പെടുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പൂർണ്ണമായും 2024-25 സാമ്പത്തിക വർഷം മേയ് മാസം വരെയും നഷ്ടപരിഹാരത്തിനുള്ള അപേക്ഷ നൽകിയ മുഴുവൻ കർഷകർക്കും തുക വിതരണം ചെയ്തുകഴിഞ്ഞു. 2023-24 സാമ്പത്തിക വർഷവും 2024-25 സാമ്പത്തിക വർഷം മേയ് മാസം വരെയും 2,77,350/- രൂപയാണ് നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുള്ളത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുള്ള കർഷകർക്ക് 2023-24 സാമ്പത്തിക വർഷം 11,05,846/- രൂപ വിവിധ വിളകളുടെ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 2024-25 സീസണിലെ തുക അനുവദിക്കുന്നതിനായി ഇൻഷ്വറൻസ് നടത്തിപ്പ് കമ്പനിയായ അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് കർഷകർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകാനുള്ള കുടിശ്ശിക തുക അടിയന്തരമായി വിതരണം

ചെയ്യുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി യോഗം ചേരുകയും തുക അടിയന്തരമായി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഇക്കാര്യം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. എത്രയും വേഗം തുക അനുവദിക്കുമെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നത്.

## 6. വിശ്വകർമ്മ വിഭാഗത്തിലെ പരമ്പരാഗത തൊഴിലാളികളുടെ പെൻഷൻ തുക വർധിപ്പിക്കൽ

ശ്രീ. കെ. പ്രേംകുമാർ: സർ, നമ്മുടെ സംസ്ഥാനത്ത് മറ്റ് പെൻഷനുകളൊന്നും ലഭിക്കാത്ത അറുപത് വയസ്സ് കഴിഞ്ഞ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട പരമ്പരാഗത തൊഴിലാളികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന അനുവദിച്ചുവരുന്ന വിശ്വകർമ്മ പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023-ൽ സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് സമാനമായി 1,600/- രൂപയായി വർധിപ്പിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളും 2,000/- രൂപയായി വർധിപ്പിച്ച സാഹചര്യത്തിൽ വിശ്വകർമ്മ പെൻഷനും 2,000/-

രൂപയായി വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളതും മറ്റ് പെൻഷനുകളൊന്നും ലഭിക്കാത്തതും മരം, കല്ല്, ഇരുമ്പ്, സ്വർണ്ണം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നതുമായ സംസ്ഥാനത്തെ വിശ്വകർമ്മ വിഭാഗത്തിലെ അറുപത് വയസ്സ് കഴിഞ്ഞ പരമ്പരാഗത തൊഴിലാളികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന വിശ്വകർമ്മ പെൻഷൻ അനുവദിച്ചുവരുന്നുണ്ട്. പ്രാരംഭഘട്ടത്തിൽ പ്രതിമാസം 500/- രൂപയാണ് പെൻഷൻ നൽകിയിരുന്നത്. തുടർന്ന് പല ഘട്ടങ്ങളിലായി വിശ്വകർമ്മ പെൻഷൻ തുക വർധിപ്പിക്കുകയും 2023 മുതൽ സാമൂഹ്യ സുരക്ഷാ പെൻഷന് സമാനമായി 1,600/- രൂപയാക്കി വർധിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. വിശ്വകർമ്മ വിഭാഗത്തിലെ അർഹതയുള്ള ഭൂരിപക്ഷംപേരും സാമൂഹ്യ സുരക്ഷാ പെൻഷൻ സ്വീകരിക്കുന്ന സ്ഥിതിയുണ്ട്. നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ 2,000/- രൂപയാക്കി വർധിപ്പിച്ച

സാഹചര്യത്തിൽ, പിന്നാക്ക വിഭാഗ വികസന വകുപ്പിൽനിന്നും പെൻഷൻ വാങ്ങിവരുന്ന 285 ഗുണഭോക്താക്കൾക്കുള്ള വിശ്വകർമ്മ പെൻഷനും സമാന വർധനവ് ബാധകമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. 2026 ജനുവരി മാസം മുതൽ വർധിപ്പിച്ച പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ 285 ഗുണഭോക്താക്കൾക്കാണ് സർക്കാർ വിശ്വകർമ്മ പെൻഷൻ അനുവദിച്ചുവരുന്നത്. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പെൻഷൻ പദ്ധതിക്ക് 2025-26 സാമ്പത്തിക വർഷം അമ്പത് ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.